# ഗ്രീൻ കേരള എക്സ്പ്രസ്സ്

## തീം സോങ്ങ്

ഇത് ഭൂമി ഒരേയൊരു ജീവകലാവേദി

ജലവായുവിദാനമിണങ്ങിയ മലർവാടി

ചിരമെത്ര പരസ്പര ബന്ധിതമാണെല്ലാം
ഇതിൽ നാമിഴ ചേർന്നവർ താള തരംഗങ്ങൾ

അവിരാമ ഭംഗുര മീലയമൊഴുകുമ്പോൾ
അതിലാരുമപശ്രുതിച്ചേർക്കരുതേ നാളെ
(ഇത് ഭൂമി)
കാടും മലമേടും കിളിജാലമാകെയുണർന്നോരു കാവും
നീരും കുളിർകാറ്റും വേറെങ്ങുണ്ടൊ

പൂവും തളിരിലയും കനിയാർന്നു താഴ്ന്നുലഞ്ഞൊരു
ക്കൊമ്പും
മഞ്ഞും ഇളവെയിലും വേറെങ്ങുണ്ടൊ

ഈ ജന്മം നമ്മൾക്കായി തന്നൊരുക്കിയൊരമ്മയ്ക്കായ്
പകരം നാം എന്താണൊ നൽകുന്നു (2)

താഴെ നിന്നീ കാതൽ കമ്പിൽ കൊത്തുന്നു
മേലെ നമ്മൾ വാഴും നേരൊന്നോർക്കാതെ (2)
(ഇത് ഭൂമി)
(ചരണം)
മണ്ണിൽ തെളി വിണ്ണിൽ കരിമൂടിയാകെ നിറഞ്ഞൊരു
കാലം
ജീവൻ വിറയോലും ഒരു കെടുകാലം

കുന്നും പുഴമണലും ചെറുനാണയത്തിനു വിറ്റു തുല
യ്ക്കും
നെഞ്ചിൽ കനിവില്ലാത്തൊരു കളിയല്ലോ

ചെറുനേരം കഴിയാനായി വീണു കിട്ടിയ വരമിതുനാം
പോകുമ്പോൾ കൈമാറി പോവേണം (2)

കുഞ്ഞിക്കാലായ് ഇന്നീ മുറ്റത്തോടുന്നോർ
കുഞ്ഞുങ്ങൾക്കായ് നാമീ ലോകം നൽകേണ്ടേ (2)

(ഇത് ഭൂമി)

രചന : റഫീക്ക് അഹമ്മദ്
സംഗീതം : ശ്രീവത്സൻ ജെ മേനോൻ